**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **01-02-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം റവന്യൂ ടവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം നഗരത്തിൽ സ്ഥിതി ചെയ്യുന്ന റവന്യൂ ടവറിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അടിയന്തരമായി ടവറിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ശോചനിയാവസ്ഥയിലുള്ള കോതമംഗലം റവന്യൂ ടവറിന്റെ മെയിന്റനൻസ് നടത്തുവാൻ കുറഞ്ഞത് 2 കോടി രൂപയെങ്കിലും വേണ്ടിവരും. അടിയന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ബോർഡിന് നിർദ്ദേശം നൽകുന്നതാണ്. |
| (സി) | പൊതുമേഖല-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ ഓഫീസുകൾ ഇവിടേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള കോതമംഗലം റവന്യൂ ടവറിൽ ആകെ 7 നിലകളിലായി 136 ഷോപ്പുകളും 32781 ച.അടി ഓഫീസ് സ്പേയ്സും ഉണ്ട്. 2019 ൽ ടി ടവറിൽ പ്രവർത്തിച്ച് വന്നിരുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറിയിരുന്നു. നിലവിൽ 3, 4, 5 നിലകളിലായി വളരെ കുറച്ച് കാര്യാലയങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ടി ടവറിലെ ഒഴിവുള്ള കടമുറികളുടേയും ഓഫീസ് സ്പേയ്സുകളുടേയും വിവരങ്ങൾ സംബന്ധിച്ച് പ്രധാന പത്രങ്ങളിൽ പരസ്യം നൽകിയിട്ടുള്ളതും LBS ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ നേരിട്ട് സമീപിച്ച് ഒഴിവ് വിവരം അറിയിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ